പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തിനാലാമത് റിപ്പോർട്ട്

(2019 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2010-11)യുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**മുപ്പത്തിനാലാമത് റിപ്പോർട്ട്**

(2019 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2010-11)യുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

312/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 20 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11)യുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ടിലെ (കേരള കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2019 ഫെബ്രുവരി മാസം 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ഫെബ്രുവരി 7.

## റിപ്പോർട്ട്

### അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ടിലെ (കേരള കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) യുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് 2010 ഡിസംബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിൽ ആകെ 13 ശിപാർശകളാണുള്ളത്. ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ സമർപ്പിച്ച മറുപടി സമിതിയുടെ 13-1-2016-ലെ യോഗത്തിൽ പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ 27-1-2016-ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഖണ്ഡിക 29, 51 എന്നിവയിന്മേൽ അധിക വിവരങ്ങൾ ആരായുകയും തുടർശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആരാഞ്ഞ അധിക വിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

### അദ്ധ്യായം 2

### സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശയും

#### ഖണ്ഡിക നമ്പർ 11, 19

#### ഖണ്ഡിക നമ്പർ 11

#### ശിപാർശ

2.1.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് സാങ്കേതിക വിദഗ്ദ്ധരെക്കൊണ്ട് അന്വേഷണം നടത്തി, ഇതുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങളും, തെളിവുകളും ഓഡിറ്റ് വകുപ്പിന് അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വർഷങ്ങളോളം സ്ഥിരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരാനുണ്ടായ കാരണങ്ങളും അതിനുത്തരവാദികളായവർ

ആരൊക്കെയാണെന്ന് കണ്ടെത്തണമെന്നും സർവ്വകലാശാലയിലെ ഇലക്ട്രിക് വിംഗിന്റെയും, സർവ്വകലാശാലയിലെ വൈദ്യുതി വിഭാഗവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഇതു സംബന്ധമായ വീഴ്ചകൾ വ്യക്തമായി ചൂണ്ടിക്കാട്ടി, നഷ്ടം കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.1.2 നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 28-ാമത് റിപ്പോർട്ടിലെ 11-ാമത് ഖണ്ഡികയിലെ ശിപാർശയനുസരിച്ച് ഈ വിഷയത്തിൽ സാങ്കേതിക വിദഗ്ദ്ധരെ കൊണ്ട് അന്വേഷണം നടത്തുവാനായി സർവ്വകലാശാലയുടെ 5-9-2011-ലെ ജി.എ/ഡി1/ 29947/2011 നമ്പർ കത്ത് മുഖേന ഒരു വിദഗ്ധന്റെ സേവനം ലഭ്യമാക്കണമെന്ന് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ് സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ അത്തരമൊരു അന്വേഷണം നടത്താൻ പ്രസ്തുത വകുപ്പ് തയ്യാറായിട്ടില്ല എന്ന് കേരള കാർഷിക സർവ്വകലാശാല അറിയിച്ചിരിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.1.3 പി.ഡബ്ല്യു.ഡി.-യ്ക്കും കേരള സംസ്ഥാന വൈദ്യുതി ബോർഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മണ്ണുത്തിയ്ക്കും കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി രേഖയില്ല.

## ഖണ്ഡിക നമ്പർ 19

## ശിപാർശ

2.1.4 കാർഷിക കോളേജ്, പടന്നക്കാട്, കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി തവനൂർ എന്നീ സ്ഥാപനങ്ങളിലെ അധികരിച്ച വൈദ്യുതി ഉപഭോഗത്തെ സംബന്ധിച്ച് സർവ്വകലാശാല സമർപ്പിച്ച മറുപടി അപൂർണ്ണമാണെന്ന ഓഡിറ്റ് വകുപ്പിന്റെ നിരീക്ഷണം സമിതി ഗൗരവമായി കാണുകയും സർവ്വകലാശാലയുടെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനത്തിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഭീമമായ തുക വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഉണ്ടായതിനുള്ള കാരണം സാങ്കേതിക വിദഗ്ദ്ധരെക്കൊണ്ട് വിശദമായി പരിശോധിപ്പിച്ച് റിപ്പോർട്ട് നൽകണമെന്നും വൈദ്യുതി വിഭാഗത്തിന്റെ ചുമതലയായ വൈദ്യുതി ഉപയോഗത്തിലുള്ള നിയന്ത്രണം കാര്യക്ഷമമായി നിർവ്വഹിക്കാൻ വീഴ്ചവരുത്തിയ അന്നത്തെ ഉദ്യോഗസ്ഥരുടെ പേരുവിവരം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, വെള്ളാനിക്കരയിലെ എസ്റ്റേറ്റ് ഓഫീസിലെ വർദ്ധിച്ച വൈദ്യുതി ഉപയോഗം സംബന്ധിച്ച് സമർപ്പിച്ച മറുപടി തൃപ്തികരമാണെന്ന് ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടെങ്കിലും രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവ അടിയന്തരമായി ഓഡിറ്റിന് സമർപ്പിക്കണമെന്നും ആയത് പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം പരാമർശം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.1.5 നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഈ ഖണ്ഡികയിലെ ശിപാർശയനുസരിച്ച് സാങ്കേതിക വിദഗ്ദ്ധരെക്കൊണ്ട് അന്വേഷണം നടത്തുവാൻ സർവ്വകലാശാല നടപടിയെടുത്തുവരുന്നു. 5-9-2011-ൽ ഒരു വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കണമെന്ന് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ് സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ അത്തരമൊരു അന്വേഷണം നടത്തുവാൻ പ്രസ്തുത വകുപ്പ് തയ്യാറായിട്ടില്ല എന്ന് കേരള കാർഷിക സർവ്വകലാശാല അറിയിച്ചിരിക്കുന്നു. കാർഷിക സർവ്വകലാശാല എസ്റ്റേറ്റുമായി ബന്ധപ്പെട്ട വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വകലാശാല ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഭിപ്രായത്തിൽ കണക്ടഡ് ലോഡിൽ താൽക്കാലികാടിസ്ഥാനത്തിൽ കറവുവരുത്തുന്നത് ലാഭകരമായിരിക്കുകയില്ല. ഇത് പുതിയ കണക്ഷൻ എടുക്കുമ്പോഴുള്ള അധിക ചെലവും അധിക ലോഡും കണക്കിലെടുത്താണ്. എസ്റ്റേറ്റ് ഫാക്ടറിയുടെ മുമ്പുണ്ടായിരുന്ന കണക്ടഡ് ലോഡ് 95 കിലോ വാട്ടിൽ നിന്നും പിന്നീട് 55 കിലോവാട്ടായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അത് 10 എച്ച്.പി. മോട്ടോർ, 3 എച്ച്.പി. മോട്ടോർ, 3 മില്ലുകൾ പ്രവർത്തിപ്പിക്കാൻ വേണ്ടിവരുന്ന 45 എച്ച്.പി. എന്നിവ കണക്കിലെടുത്താണ്.

വെറ്ററിനറി സർവ്വകലാശാല രൂപീകൃതമാവുന്നതിന് മുമ്പ് മണ്ണുത്തി കാമ്പസിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സർവ്വകലാശാല വർക്ക്ഷോപ്പ് മണ്ണുത്തിയിൽ നിന്ന് മാറ്റി ഇപ്പോൾ എസ്റ്റേറ്റ് ഫാക്ടറിയോട് ചേർന്നാണ് പ്രവർത്തിച്ചു വരുന്നത്. ടി വർക്ക്ഷോപ്പിലേക്കും എസ്റ്റേറ്റ് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘത്തിനുള്ള വൈദ്യുതിയും ഈ കണക്ഷനിൽ നിന്നാണ് ഉപയോഗിച്ചുവരുന്നത്.

ഇതൊക്കെ കണക്കിലെടുത്താൽ ഇപ്പോഴത്തെ വൈദ്യുതി ഉപഭോഗം അമിതമല്ലെന്നും അറിയിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.1.6 കേരള സംസ്ഥാന വൈദ്യുതി ബോർഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മണ്ണുത്തിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി രേഖയില്ല.

## 13-1-2016-ലെ യോഗതീരുമാനം

2.1.7 വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരാനുണ്ടായ കാരണം, ഉത്തരവാദികൾ, സർവ്വകലാശാലയുടെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെയും മറ്റ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെയും

വീഴ്ചകൾ എന്നിവ പരിശോധിച്ച് നഷ്ടം കണക്കാക്കി റിപ്പോർട്ട് നൽകണമെന്ന് ഓഡിറ്റ് വകുപ്പിന് നൽകിയ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും തെളിവെടുക്കാനും ഇക്കാര്യത്തിൽ സർവ്വകലാശാല അന്വേഷണം നടത്താതെ പി.ഡബ്യൂ.ഡി.യോടും, കെ.എസ്.ഇ.ബി.യോടും അന്വേഷണം നടത്താൻ ആവശ്യപ്പെട്ടതിന്മേൽ സർവ്വകലാശാലയിൽ നിന്നും പ്രസ്തുത അന്വേഷണം നടത്തുന്നതിന് ഉദ്യോഗസ്ഥരെ നൽകാത്തത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താനും സമിതി തീരുമാനിച്ചു.

## 27-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് നൽകിയ മറുപടി

2.1.8 സമിതി ശിപാർശപ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് സർവ്വകലാശാലയുടെ അഭ്യർത്ഥനയനുസരിച്ച് ഒരു വിദഗ്ദ്ധന്റെ സേവനം വിട്ടുകൊടുക്കാത്തതിനുള്ള കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന് പതിനാല് ജില്ലകളിലെ എല്ലാ ഇലക്ട്രിക്കൽ ജോലികളും ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിന് ആകെ മൂന്ന് ഡിവിഷനുകളാണുള്ളതെന്നും അവ തന്നെ ചെയ്തു തീർക്കാൻ ജീവനക്കാർ തികയാത്തതുകൊണ്ടാണ് സർവ്വകലാശാലയുടെ ആവശ്യം പരിഗണിക്കാൻ കഴിയാത്തതെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ജില്ലാടിസ്ഥാനത്തിലുള്ള ധാരാളം ഉദ്യോഗസ്ഥരുണ്ടെന്നും അവരെക്കൊണ്ട് അന്വേഷിപ്പിക്കുന്നതായിരിക്കും ഉചിതം എന്നും പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

## 27-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ കാർഷിക സർവ്വകലാശാല നൽകിയ മറുപടി

2.1.9 സമിതി ശിപാർശ പ്രകാരമുള്ള അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന് തവനൂരിലുള്ള മെൻസ് ഹോസ്റ്റലിനെക്കുറിച്ചാണ് ഓഡിറ്റിൽ പ്രധാനമായും പരാമർശിച്ചിട്ടുള്ളതെന്നും 1960-ൽ നിർമ്മിച്ച കെട്ടിടം 1972-ൽ ആണ് സർവ്വകലാശാല ഏറ്റെടുക്കുന്നതെന്നും അവിടെ വയറിംഗിൽ കേടുപാടുകൾ ഉണ്ടായിരുന്നുവെന്നും റീവയറിംഗിന് 7.8 ലക്ഷം രൂപ ആവശ്യമാണെന്നും ഫണ്ടിന്റെ ദൗർലഭ്യം കാരണം അതിന് സാധിച്ചില്ലെന്നും കുറച്ചു മീറ്ററുകളും സ്വിച്ചുകളും മാറ്റിയിട്ടുണ്ടെന്നും അതിലൂടെ 2007-ൽ 3995 യൂണിറ്റായിരുന്ന വൈദ്യുതി ഉപയോഗം 2016 ജനുവരിയിൽ 2543 യൂണിറ്റായി കുറയ്ക്കാൻ കഴിഞ്ഞുവെന്നും സർവ്വകലാശാലയുടെ കീഴിൽ രണ്ട് ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയറിംഗ് വിംഗാണുള്ളതെന്നും സർവ്വകലാശാല തന്നെ പരിശോധിക്കേണ്ട എന്നു കരുതിയാണ്

പൊതുമരാമത്തിനോട് ആവശ്യപ്പെട്ടതെന്നും വെള്ളാനിക്കരയിലും പടന്നക്കാട്ടുമുള്ള കാർഷിക കോളേജുകളിൽ മാത്രമേ എച്ച്.ടി. കണക്ഷൻ ഉള്ളൂവെന്നും തവനൂരിലും വെള്ളാനിക്കരയിലും എച്ച്.ടി. ലൈൻ ആക്കുവാൻ പ്രോജക്ട് തയ്യാറാക്കി നൽകാൻ സ്റ്റേറ്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് കത്ത് നൽകിയിട്ടുണ്ടെന്നും കാർഷിക സർവ്വകലാശാല ഡി.പി.പി. സമിതിയിൽ ബോധിപ്പിച്ചു. ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യോട് സമിതി അഭിപ്രായം ആരായുകയും വൈദ്യുതി ഉപഭോഗം മൂലമാണോ, ലീക്കേജ് മുഖേന വൈദ്യുതി പാഴാക്കുന്നതു മൂലമാണോ ബിൽ തുക കൂടുന്നതെന്ന് വൈദ്യുതി ബോർഡിന് അറിയാൻ കഴിയില്ലെന്നും എനർജി ഓഡിറ്റിംഗിനെയോ വിദഗ്ധ സംഘത്തെയോകൊണ്ട് പരിശോധിപ്പിച്ച് അവരുടെ നിർദ്ദേശ പ്രകാരം പ്രവർത്തിക്കാമെന്നും വയറിംഗിൽ തകരാറുണ്ടെങ്കിൽ റീവയറിംഗ് നടത്തണമെന്നും വിവിധ കെട്ടിടങ്ങൾക്ക് പല കണക്ഷൻ എടുക്കുന്നതിന് പകരം ഒറ്റ എച്ച്.ടി. കണക്ഷൻ എടുക്കണമെന്നും കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ (വിതരണം) സമിതിയെ അറിയിക്കുകയും ചെയ്തു.

## 27-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നൽകിയ മറുപടി

2.1.10 കാർഷിക സർവ്വകലാശാലയുടെ എല്ലാ പ്രോജക്റ്റിന്റെയും ഗവേഷണ പദ്ധതികളുടെ ഭാഗമായി അഡീഷണൽ മരാമത്ത് പ്രവൃത്തികളുണ്ടാകുമെന്നും അവ ഡി.പി.പി. അറിയുന്നില്ലെന്നും ഡി.പി.പി. അറിയാതെ ഒരു മരാമത്ത് പ്രവൃത്തിയും നടത്താൻ പാടില്ലെന്നും, നിലവിലുള്ള ഉത്തരവ് പ്രകാരം അഞ്ചു ലക്ഷത്തിൽ താഴെ ചെലവ് വരുന്ന പ്രവൃത്തികൾ ഡി.പി.പി. അറിയേണ്ടതില്ലെന്നാണെന്നും കെട്ടിടങ്ങളുടെ പണി അദ്ദേഹത്തിന്റെ നിയന്ത്രണത്തിലായിരിക്കണമെന്നും അങ്ങനെ ഒരു നിയന്ത്രണം സർവ്വകലാശാലയുടെ കാര്യത്തിൽ ഇല്ലെന്നും മരാമത്ത് പ്രവൃത്തികളിലും സർവ്വകലാശാലയുടെ സ്വത്തുക്കളുടെ കാര്യത്തിലും ഒരു നിയന്ത്രണം വേണമെന്നാണ് ഓഡിറ്റ് ആഗ്രഹിക്കുന്നതെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ ബോധിപ്പിച്ചു.

## 27-1-2016-ലെ യോഗ തീരുമാനം

2.1.11 പൊതുമരാമത്ത് വകുപ്പ്, കാർഷിക സർവ്വകലാശാല, കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്നിവയിലെ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ മുൻനിർത്തി, വൈദ്യുതി ഉപഭോഗം സംബന്ധിച്ച് വിദഗ്ധ അന്വേഷണം നടത്തുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനെ ഏൽപ്പിക്കുവാനും, എനർജി ഓഡിറ്റ് നടത്തുവാനും എച്ച്.ടി. കണക്ഷൻ എടുക്കുവാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## തുടർശിപാർശ

**2.1.12 വൈദ്യുതി ഉപയോഗം സംബന്ധിച്ച് വിദഗ്ദ്ധ അന്വേഷണം നടത്തുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനെ ഏൽപ്പിക്കുവാനും, എനർജി ഓഡിറ്റ് നടത്തുവാനും എച്ച്.ടി. കണക്ഷൻ എടുക്കുവാനുമുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 29

## ശിപാർശ

2.2.1 സർക്കാർ അനുമതിയില്ലാതെ ജീവനക്കാർക്ക് അധികം ആനുകൂല്യങ്ങൾ നൽകിയത്, അധിക തസ്തികകളിൽ നിയമനം നടത്തിയത് എന്നിവയെ സംബന്ധിച്ച് വ്യക്തമായ രേഖകൾ സഹിതം രണ്ടാഴ്ച്ചക്കകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം പാലിക്കാതിരുന്ന രജിസ്ട്രാറുടെ നടപടി സമിതിയോടുള്ള കടുത്ത അവഹേളനമായി സമിതി കരുതുന്നു. യൂണിവേഴ്സിറ്റിയെ സംബന്ധിച്ച മേൽ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം സമിതിയെ അറിയിക്കണമെന്നും യൂണിവേഴ്സിറ്റിയുടെ നടപടി ന്യായീകരിക്കത്തക്കതല്ലെങ്കിൽ അനർഹമായ ആനുകൂല്യം കൈപ്പറ്റിയവരിൽ നിന്നും സർക്കാരിനുണ്ടായ അധിക ബാധ്യത തുക ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്നും ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. യൂണിവേഴ്സിറ്റിയിലെ സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ട് പരിശോധിച്ച് ഇതിന്മേലുള്ള സർക്കാർ തീരുമാനം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 (1) കോമൺ റേഷ്യോ

സർവ്വകലാശാലയിലെ ക്ലാസ് 4, ലാബ് അസിസ്റ്റന്റ് തുടങ്ങി 12 വിഭാഗം ജീവനക്കാർക്കാണ് 1:1:1:1 അനുപാതത്തിൽ കോമൺ റേഷ്യോ പ്രൊമോഷൻ ആനുകൂല്യം 1-7-2000 മുതൽ നൽകിയിരുന്നത്. പക്ഷെ, സർക്കാരിന്റെ 10-1-2005-ലെ 44379/AF2/04/AD നമ്പർ കത്ത് പ്രകാരം, സർക്കാർ ഉത്തരവ് ഇല്ലാത്ത സാഹചര്യത്തിൽ, മേൽ സൂചിപ്പിച്ച 12 തസ്തികകൾക്ക് അനുവദിച്ച കോമൺ റേഷ്യോ പ്രൊമോഷൻ ആനുകൂല്യം പിൻവലിക്കുവാൻ നിർദ്ദേശിച്ചു. ആയതിൻ പ്രകാരം ജനവരി 2005 മുതൽ ഈ ആനുകൂല്യം നിർത്തലാക്കി.

20-5-2010-ന് നടന്ന 469-ാമത് ഭരണ സമിതി യോഗം, കോമൺ റേഷ്യോ ആനുകൂല്യം പുനഃസ്ഥാപിക്കുവാൻ നിശ്ചയിച്ചു. തുടർന്ന്, 1-1-2005 മുതൽ പൂർവ്വകാല പ്രാബല്യം നൽകിക്കൊണ്ട് ജി.എ./ജെ.1/18788/97 തീയതി 11-6-2010 പ്രകാരം കോമൺ റേഷ്യോ ആനുകൂല്യം പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവിറക്കുകയുണ്ടായി. കാർഷിക സർവ്വകലാശാല ജീവനക്കാരുടെ ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ.(പി) നമ്പർ 86/2011/ഫിൻ. തീയതി 26-2-2011, ജി.ഒ.(പി) നമ്പർ 144/2011/ഫിൻ. തീയതി 30-3-2011 പ്രകാരം സർക്കാർ സർവ്വീസിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങളിൽ നിന്നും അധികമായി സമാന തസ്തികകളിൽ സർവ്വകലാശാലയിൽ 1:1:1:1 അനുപാതത്തിൽ ലഭിച്ചു വരുന്ന കോമൺ റേഷ്യോ ആനുകൂല്യങ്ങൾ 1-2-2011 മുതൽ റദ്ദാക്കിയിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം 1-2-2011 മുതൽ നിർത്തലാക്കപ്പെട്ട തസ്തികകളിൽ തത്സമയം സേവനം തുടരുന്ന ജീവനക്കാർ തൽസ്ഥാനത്ത് (വ്യക്തിഗതമായി) തുടർന്നുകൊള്ളുവാനും സർക്കാർ അനുവദിച്ചിട്ടുണ്ട്.

(2) സർവ്വകലാശാല മരാമത്ത് വിഭാഗത്തിലെ ഓവർസീയർ, ഫാം ഓഫീസർ (അഗ്രി), ഫാം അസിസ്റ്റന്റ് (വെറ്റി), ടെക്നീഷ്യൻ, എച്ച്.ഡി.വി. ഡ്രൈവർ കോമൺ റേഷ്യോ അനുവദിച്ചിട്ടുള്ള 12 കാറ്റഗറികൾ അടക്കം 9-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം കുറവ് ചെയ്തതിനു മുമ്പുള്ള പ്രൊമോഷൻ തസ്തികകൾ, സ്കെയിലുകൾ എന്നിവ നിലനിർത്തി തരണമെന്ന് 3-8-2011-ലെ നമ്പർ BG/A2/1911/2011 കത്ത് പ്രകാരം സർക്കാരിനോട് സർവ്വകലാശാല ആവശ്യപ്പെട്ടിരുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കണ മെന്നാവശ്യപ്പെട്ട് കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച നിവേദനം വിശദമായ പരിശോധനകൾക്കു ശേഷം 17-9-2012-ലെ 29849/എ.എഫ്.2/2011/കൃഷി നമ്പർ കത്ത് പ്രകാരം നിരസിച്ചുകൊണ്ട് തീർപ്പാക്കിയിട്ടുണ്ട്.

(3) വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജ് 9 വകുപ്പുകളിൽ അനുവദനീയമായതിൽ കൂടുതൽ തസ്തികകളിൽ നിയമനം നടത്തി. 20 ലക്ഷം രൂപയുടെ നഷ്ടം.

22-10-2008-ലെ തെളിവെടുപ്പു യോഗത്തിൽ സമിതി ആവശ്യപ്പെട്ട ഖണ്ഡിക 5.5.1 ഐറ്റം നമ്പർ 3 മേലുള്ള അധിക വിവരങ്ങൾ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ എത്ര അധ്യാപകരെയാണ് കൂടുതലായി നിയമിച്ചത്? അനാവശ്യ ചെലവെത്ര? അതിന് ഉത്തരവാദി ആര്? എന്നീ വിവരങ്ങൾ 24-10-2008-ലെ 30279/എ.എഫ്.2/08/കൃഷി നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയത്തിന്മേലുള്ള റിപ്പോർട്ടിലെ സംക്ഷിപ്തം താഴെ കൊടുത്തിരിക്കുന്നു

കേരള കാർഷിക സർവ്വകലാശാലയിലെ അധ്യാപകരുടെ ജോലി ഭാരവും അതിനനുസരിച്ചുള്ള തസ്തിക നിർണ്ണയവും സംബന്ധിച്ച റിപ്പോർട്ട് 15-10-2007-ലെ 444-ാമത് ഭരണ സമിതി യോഗം അംഗീകരിച്ചിട്ടുണ്ട്. ടി റിപ്പോർട്ടനുസരിച്ച് ഹോർട്ടിക്കൾച്ചർ കോളേജ് Plantation Crops and Spices വകുപ്പിൽ അനുവദിക്കപ്പെട്ട 8 തസ്തികകളിൽ കൂടുതലുള്ളവ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്പോൾ 8 അദ്ധ്യാപകർ മാത്രമാണ് ഈ വകുപ്പിൽ ജോലി ചെയ്തു വരുന്നത്.

(4) <u>സർവ്വകലാശാല സ്കൂൾ</u>

സംസ്ഥാനത്ത് സാധാരണഗതിയിൽ സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയതായി സ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്നും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യേണ്ടതില്ലെന്നമാണ് സർക്കാരിന്റെ നയപരമായ തീരുമാനമെന്നും, ഇക്കാരണത്താൽ കാർഷിക സർവ്വകലാശാലാ ഹൈസ്കൂളിന് എയിഡഡ് പദവി അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും 7-3-2011 (നമ്പർ 73265/എഫ്3/2010/പൊ.വി.വ.)പ്രകാരം പൊതു വിദ്യാഭ്യാസ (എഫ്) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സർവ്വകലാശാല രജിസ്ട്രാറെ അറിയിച്ചിരുന്നു.

കേരള കാർഷിക സർവ്വകലാശാലാ ഹൈസ്കൂളിന് എയിഡഡ് പദവി നൽകി പ്ലസ്.ടു./വി.എച്ച്.എസ്.ഇ. കോഴ്സ് അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകണമെന്നും ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാവാൻ വേണ്ട നടപടികൾ ഉണ്ടാകണമെന്നും, പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ നിന്നും തികച്ചും വ്യത്യസ്തത പുലർത്തുന്ന ഒരു സർവ്വകലാശാലാ മാനേജ്മെന്റ് സ്കൂൾ എന്ന പരിഗണന നൽകി ഈ സ്കൂളിന്റെ കാര്യത്തിൽ ഒരു പ്രത്യേക ഉത്തരവ് സർക്കാരിൽ നിന്നും ഉണ്ടാകാൻ വ്യക്തിപരമായ താല്പര്യം എടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് 30-8-2011-ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് ബഹു. കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ വീണ്ടും കത്തയച്ചിട്ടുണ്ട് എന്ന് അറിയിക്കുന്നു. കേരള കാർഷിക സർവ്വകലാശാലാ ഹൈസ്കൂളിലെ അധ്യാപക നിയമനം സംബന്ധിച്ചുള്ള സ്റ്റാറ്റ്യൂട്ടിന് അംഗീകാരം ഇല്ലാത്തതിനാൽ, പ്രസ്തുത സ്കൂൾ എയ്ഡഡ് സ്കൂളായി ഉയർത്തണമെന്നുള്ള കേരള കാർഷിക സർവ്വകലാശാലയുടെ ദീർഘകാലമായ ആവശ്യം പരിഗണിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെടേണ്ടതാണ് എന്ന് 10-12-2013-ലെ 8149/എ.എഫ്2/2012/കൃഷി നമ്പർ കത്ത് മുഖേന രജിസ്ട്രാറെ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.2.3 തുടർ നടപടി സ്വീകരിച്ചതായി രേഖകളില്ല.

## 13-1-2016-ലെ സമിതി യോഗ തീരുമാനം

2.2.4 ഉന്നത വിദ്യാഭ്യാസം, കൃഷി, പൊതുവിദ്യാഭ്യാസം, ഓഡിറ്റ് എന്നീ വകുപ്പുകൾ, സർവ്വകലാശാല എന്നിവയുടെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കാൻ തീരുമാനിച്ചു

## 27-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

2.2.5 കാർഷിക സർവ്വകലാശാലാ ഹൈസ്കൂളിന് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത സ്കൂൾ, കാർഷിക സർവ്വകലാശാലാ ജീവനക്കാരുടെ മക്കൾക്ക് പഠിക്കുവാൻ സർവ്വകലാശാല തന്നെ എൽ.പി.സ്കൂളായി ആരംഭിച്ച് യു.പി. സ്കൂളായും പിന്നീട് ഹൈസ്കൂളായും മാറിയ ഒരു അംഗീകൃത ഹൈസ്കൂളാണെന്നും എല്ലാ അംഗീകൃത സ്കൂളുകൾക്കും എയ്ഡഡ് പദവി നൽകാനാവില്ലെന്നും സർവ്വകലാശാല ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനമാകയാൽ അതിന് കീഴിലെ സ്കൂളിന് സർക്കാർ സഹായം നൽകുന്നത് നിർത്തണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതു കൊണ്ടാണ് എയ്ഡഡ് സ്കൂളാക്കണമെന്ന് ആവശ്യം ഉയർന്നിട്ടുള്ളതെന്നും പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയിൽ അറിയിച്ചു കൂടാതെ സർവ്വകലാശാല നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഒന്നുകൂടി പരിശോധിക്കണമെന്ന ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ആവശ്യപ്രകാരം ഡി.പി.ഐ.യോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും സർക്കാർ തീരുമാനം മറ്റ് അംഗീകൃത സ്കൂളുകൾക്കും ബാധകമാകുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കാർഷിക സർവ്വകലാശാലാ ജീവനക്കാർക്ക് സർക്കാർ അനുമതിയില്ലാതെ അധിക ആനുകൂല്യവും അധിക തസ്തികകളിൽ നിയമനം നൽകിയതും സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത വിഷയത്തിൽ അഭിപ്രായം ഒന്നും പറയുവാനില്ലെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയിൽ അറിയിച്ചു.

## 27-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.2.6 കാർഷിക സർവ്വകലാശാലാ ജീവനക്കാർക്ക് സർക്കാർ അനുമതിയില്ലാതെ അധിക ആനുകൂല്യവും അധിക തസ്തികകളിൽ നിയമനം നൽകിയതും സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന സമിതി ശിപാർശ പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഓഡിറ്റ് നടന്ന വേളയിൽ ഉന്നയിച്ച തടസ്സം പ്രസക്തമായിരുന്നുവെന്നും 2011-ലെ ശമ്പള പരിഷ്കരണ

ഉത്തരവിൽ 31-1-2011 വരെ നൽകിയ ആനുകൂല്യങ്ങൾക്ക് അംഗീകാരം നൽകിയതോടെ മറ്റൊരു അഭിപ്രായത്തിന് സാധ്യതയില്ലാതായി എന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ (കാർഷിക സർവ്വകലാശാല) സമിതിയെ അറിയിച്ചു. ആദ്യം നൽകിയ ആനുകൂല്യം പിൻവലിച്ചതിന് ശേഷം പുനഃസ്ഥാപിച്ചപ്പോൾ, പിൻവലിച്ച ആനുകൂല്യം പൂർവ്വകാല പ്രാബല്യത്തോടെ വീണ്ടും നൽകിയ ഭരണസമിതിയുടെ തീരുമാനം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന് അനധികൃതമായി നൽകിക്കൊണ്ടിരുന്നത് പുനഃസ്ഥാപിച്ചതടക്കമുള്ള കാലയളവ് ഉൾപ്പെടെ ശമ്പളപരിഷ്കരണത്തിലൂടെ സാധൂകരിക്കപ്പെട്ടതായും സർക്കാർ ഉത്തരവിന് വിരുദ്ധമായി ആനുകൂല്യം പുനഃസ്ഥാപിക്കാൻ ഭരണസമിതി 25-5-2010-ൽ എടുത്ത തീരുമാനം തെറ്റാണെന്നും, ആയത് തിരിച്ചു പിടിക്കണമെന്നും തന്നെയായിരുന്നു ഓഡിറ്റിന്റെ നിലപാടെന്നും എന്നാൽ ശമ്പള പരിഷ്കരണ ഉത്തരവിൽ ആനുകൂല്യം പുനഃസ്ഥാപിച്ചത് അംഗീകരിച്ച സ്ഥിതി വിശേഷം ഉണ്ടായെന്നും നിയമനിർമ്മാണം വഴി സ്വയംഭരണാവകാശം വിനിയോഗിക്കാൻ അധികാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളെന്ന നിലയ്ക്ക് സർവ്വകലാശാലകൾ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള ആനുകൂല്യം നൽകുന്നത് അംഗീകരിക്കുകയും അല്ലാത്തവ സർക്കാർ അംഗീകരിച്ചാലും അനുവദിക്കാതിരിക്കുകയും ചെയ്യുകയെന്നതാണ് നിയമപരമായി യഥാർത്ഥത്തിൽ ചെയ്യാവുന്നതെന്നും സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള ആനുകൂല്യം അനുവദിക്കുമ്പോൾ അത് സർക്കാർ ഉത്തരവിൽ ഇല്ലെങ്കിൽ അനുവദിക്കരുതെന്ന് പറയുകയും സ്റ്റാറ്റ്യൂട്ടിൽ ഇല്ലാത്തത് അനുവദിക്കുകയും കോടതിയിലെത്തുമ്പോൾ സ്റ്റാറ്റ്യൂട്ടിലുള്ളതേ അനുവദിക്കാൻ സാധിക്കുവെന്ന് പറയുകയുമാണ് സർക്കാർ ചെയ്യുന്നതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് സർക്കാരിന്റെ ഒരു ഏജൻസിയായതുകൊണ്ട് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നൽകുന്നത് തടസ്സപ്പെടുത്തേണ്ടതുണ്ടെന്നും സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ളത് അനുവദിക്കാനാണ് കോടതി ഉത്തരവിടുന്നതെന്നും ഇക്കാര്യത്തിൽ ഒരു ആശയക്കുഴപ്പം ഉണ്ടെന്നും ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

കോടതി വിധികൾ സ്ഥായിയായി നിലനിൽക്കുന്നതാണെന്നും തസ്തിക സൃഷ്ടിക്കുവാൻ നിയമം വഴി നൽകിയിട്ടുള്ള അധികാരത്തെ മാനിക്കണമെന്നും അതിലുപരിയായിട്ടുള്ളത് നിരസിക്കേണ്ടിവരുമെന്നും സ്റ്റാറ്റ്യൂട്ട് അതേപടി നിലനിൽക്കുമ്പോൾ സർക്കാർ ഉത്തരവുണ്ടെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് ആകുമെന്നും സർക്കാർ നിർദ്ദേശം നടപ്പാക്കുന്നത് സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തുകൊണ്ടായാൽ ബുദ്ധിമുട്ടൊഴിവാകുമെന്നും ഇത് സംബന്ധിച്ച് സർക്കാരിന് കത്തയച്ചിട്ടുണ്ടെന്നും സമിതി ഇക്കാര്യത്തിൽ ഒരു നിർദ്ദേശം നൽകുന്നത് സഹായകമായിരിക്കുമെന്നും ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയിൽ ബോധിപ്പിച്ചു.

## 27-1-2016 ലെ സമിതി യോഗതീരുമാനം

2.2.7 കാർഷിക സർവ്വകലാശാലാ ഹൈസ്കൂളിന് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ച സമിതി പ്രസ്തുത വിഷയം സർക്കാർ നയപരമായി തീരുമാനിക്കേണ്ടതാണെന്നും സമിതിയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയില്ലെന്നും അഭിപ്രായപ്പെട്ടു.

കാർഷിക സർവ്വകലാശാലാ ജീവനക്കാർക്ക് സർക്കാർ അനുമതിയില്ലാതെ അധിക ആനുകൂല്യവും അധിക തസ്തികകളിൽ നിയമനവും നൽകിയത് സംബന്ധിച്ച്, കാർഷിക സർവ്വകലാശാലയിൽ മാത്രമല്ല സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും അനർഹമായി ആനുകൂല്യങ്ങൾ നൽകുന്നത് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി സർവ്വകലാശാലകൾക്ക് ആവശ്യമായ ഫണ്ടിന്റെ 80% ഉം സർക്കാരാണ് നൽകുന്നതെന്നും മതിയായ ഉത്തരവുകളോ സർക്കാരിന്റെ അനുമതിയോ കൂടാതെ തുക ചെലവഴിക്കാൻ സർവ്വകലാശാലകൾക്ക് അധികാരമില്ലെന്നും വ്യക്തമാക്കി.

തിരിച്ച് പിടിക്കാൻ തീരുമാനിച്ച ആനുകൂല്യങ്ങൾ വരെ മുൻകാല പ്രാബല്യത്തോടെ നൽകിയ തീരുമാനത്തെ സർക്കാർ സാധൂകരിക്കാൻ തീരുമാനിച്ച സ്ഥിതിയ്ക്ക് സമിതി വീണ്ടും അത് ചർച്ച ചെയ്യേണ്ടതില്ലെന്ന് സമിതി നിരീക്ഷിച്ചു.

സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് സർക്കാരിന് അയച്ച കത്ത് സംബന്ധമായ വ്യക്തമായ തീരുമാനം കൈക്കൊണ്ട് റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെട്ടു.

## തുടർശിപാർശ

**2.2.8 സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് സർക്കാരിന് അയച്ച കത്ത് സംബന്ധമായ വ്യക്തമായ തീരുമാനം സമിതിയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.**

## ഖണ്ഡിക നമ്പർ 42

## ശിപാർശ

2.3.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് തിരികെ ഈടാക്കുവാനുള്ള തുക അടിയന്തരമായി ഈടാക്കി സമിതിക്കും ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്കും റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.3.2 1999-2000, 2000-2001 വർഷങ്ങളിൽ ജീവനക്കാർക്ക് അധികമായി നൽകിയ ഉന്നൽശമ്പളി തിരിച്ച് ഈടാക്കുവാൻ 15-1-2009-ലെ GA/H2/3062/03 നമ്പർ

സർവ്വകലാശാല ഉത്തരവ് പ്രകാരം എല്ലാ ഓഫീസ് മേധാവികൾക്കും നിർദ്ദേശം കൊടുത്തിരുന്നു. വീണ്ടും 30-5-2011-ലെ GA/H1/3062/2003(1) നമ്പർ സർവ്വകലാശാലാ സർക്കുലർ മുഖാന്തരം ഈയിനത്തിൽ ഇനിയും ജീവനക്കാരിൽ നിന്നും സംഖ്യ തിരിച്ച് പിടിക്കുവാനുണ്ടെങ്കിൽ ഈടാക്കേണ്ടതാണെന്നും എല്ലാ ഓഫീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തിരിച്ച് പിടിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനാ വേളയിൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുന്നതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

2.3.3 തുടർ നടപടി സ്വീകരിച്ചതായി രേഖകളില്ല.

<u>തുടർ ശിപാർശ</u>

**2.3.4 ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ പരിശോധനയിൽ ഓഫീസ് മേധാവികൾ ആവശ്യമായ രേഖകളും വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ സമിതിയുടെ മുൻ ശിപാർശ പ്രകാരം തുക തിരിച്ച് പിടിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു.**

<u>ഖണ്ഡിക നമ്പർ 51</u>

<u>ശിപാർശ</u>

2.4.1 സ്റ്റോർ പർച്ചേയ്സ് മാനുവൽ, ചട്ടങ്ങൾ എന്നിവയുടെ വിരുദ്ധമായി അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് മൂന്ന് അന്വേഷണം നടത്തിയെങ്കിലും ആയതു സംബന്ധിച്ചുള്ള സർവ്വകലാശാലയുടെ കണ്ടെത്തൽ സമിതിയെ നാളിതുവരെ അറിയിച്ചിട്ടില്ല. ആയതിനാൽ അടിയന്തരമായി അന്വേഷണ റിപ്പോർട്ടുകളുടെ പ്രതിയും ഈ ഓഡിറ്റ് പരാമർശത്തിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 24-10-2008-ലെ 30279/എ.എഫ്.2/08/കൃഷി നമ്പർ സർക്കാർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം ആദ്യത്തെ രണ്ട് അന്വേഷണ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ (1. ഡോ. പി. കെ. അശോകൻ കമ്മിറ്റി 2. ശ്രീമതി എം. പെണ്ണമ്മ കമ്മിറ്റി) 10-11-2008-ലെ എസ്.എ.1/എ. 23474/08 നമ്പർ സർവ്വകലാശാല കത്തു പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. മൂന്നാമത്തെ അന്വേഷണ റിപ്പോർട്ട് സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 13-10-2009, 10-11-2009 എന്നീ തീയതികളിൽ കൂടിയ 461-ഉം 462-ഉം യോഗങ്ങൾ

പരിഗണിക്കുകയും സെൻട്രൽ നേഴ്സറിയിലെ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുവാനും തീരുമാനിച്ചിരുന്നു. സർവ്വകലാശാല ആവശ്യപ്പെട്ടതനുസരിച്ച് തൃശ്ശൂർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം (VE7/10TSR) നടത്തി വരികയാണ്.

18-6-2008-ന് മുമ്പ് സെൻട്രൽ നേഴ്സറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ഡോ. ബാബു ഫിലിപ്പിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

മൂന്നാമത്തെ അന്വേഷണ റിപ്പോർട്ട് (Dr. V. Prasad Committee) 30-11-2009-ലെ SAIA/23474/08 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

2.4.3 വിജിലൻസ് അന്വേഷണം പൂർത്തിയായതിന്റെയോ, സ്വീകരിച്ച നടപടികളുടെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

<u>13-1-2016 ലെ യോഗത്തിലെ സമിതി തീരുമാനം</u>

2.4.4 പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്ന വസ്തുതകൾ ഗൗരവമേറിയതാണെന്ന് അഭിപ്രായപ്പെട്ട സമിതി ആയത് സംബന്ധിച്ച് കൃഷി, വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥർ, സർവ്വകലാശാല രജിസ്ട്രാർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

<u>27-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി</u>

2.4.5 <u>കേരള കാർഷിക സർവ്വകലാശാല</u>

ഓഡിറ്റ് കണ്ടെത്തിയ നഷ്ടത്തിനും ക്രമക്കേടുകൾക്കും ആരോപണ വിധേയനായ ശ്രീ. ബാബു ഫിലിപ്പ് നിലവിൽ സർവ്വീസിലുണ്ടോയെന്നും വൻ ക്രമക്കേടുകൾ നടത്തിയ അദ്ദേഹം പതിനഞ്ച് വർഷം സർവ്വീസിലുണ്ടായിരുന്നിട്ടും അദ്ദേഹത്തിനെതിരെ സർവ്വകലാശാല നടപടി സ്വീകരിക്കാത്തതെന്തെന്നും തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് ഭരണസമിതി തീരുമാനപ്രകാരം അന്വേഷണ വിധേയമായി അദ്ദേഹത്തെ സസ്പെന്റ് ചെയ്തിരുന്നുവെന്നും, അതിനും അന്വേഷണങ്ങൾക്കും എതിരെ ടിയാൻ കോടതിയിൽ കേസുകൾ ഫയൽ ചെയ്തതിനാലാണ് തുക ഈടാക്കാനും തുടർ നടപടികൾക്കും സർവ്വകലാശാലയ്ക്ക് കഴിയാതിരുന്നതെന്നും ടിയാൻ 2014-ൽ വിരമിച്ചെന്നും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണെന്നും സർക്കാരിനോട് ആവശ്യപ്പെട്ടതിൻ പ്രകാരം ടിയാനെതിരെ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുക

യാണെന്നും അതിനെതിരെയും ടിയാൻ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയിരുന്നുവെന്നും കാർഷിക സർവ്വകലാശാല അസിസ്റ്റന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചു. ശ്രീ. ബാബു ഫിലിപ്പ് കൊടുത്ത കേസുകൾ ഏതെല്ലാമാണെന്നോ, ഏതിനൊക്കെയാണ് കോടതി സ്റ്റേ നൽകിയതെന്നോ, സ്റ്റേ നീക്കാൻ സർവ്വകലാശാല എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്നോ വ്യക്തമാക്കിയിട്ടില്ലെന്നും ടിയാനെതിരെയുള്ള അരോപണത്തിന്മേലുള്ള അന്വേഷണം സംബന്ധിച്ച ആദ്യത്തെ രണ്ടു റിപ്പോർട്ടുകളും ടിയാനെ സംരക്ഷിക്കുന്ന തരത്തിലുള്ളതായിരുന്നുവെന്നും സമിതി നിരീക്ഷിച്ചു. സർവ്വകലാശാല ടി വിഷയം ഗൗരവമായി എടുത്തിട്ടില്ലെന്നുള്ള സമിതിയുടെ കണ്ടെത്തലിന് സ്റ്റേ നീക്കുവാൻ സർവ്വകലാശാല നടപടി സ്വീകരിച്ചിരുന്നുവെന്നും അതുമായി ബന്ധപ്പെട്ട കേസുകളുടെയും സ്റ്റേയുടെയും കോടതി ഉത്തരവുകളുടെയും റിപ്പോർട്ട് ലഭ്യമാണെന്നും തെളിവെടുപ്പ് വേളയിൽ രജിസ്ട്രാർ അറിയിച്ചതിൻ പ്രകാരം കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ കത്തും അനുബന്ധ രേഖകളും സമിതി മുമ്പാകെ സമർപ്പിച്ചു.

2.4.6 <u>വിജിലൻസ് വകുപ്പ്</u>

വിജിലൻസ് അന്വേഷണം സംബന്ധിച്ച സമിതിയുടെ തെളിവെടുപ്പ് വേളയിലെ ചോദ്യത്തിന് ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 38,97,173 രൂപയുടെ ധനാപഹരണത്തിന് 2012 ജനുവരിയിലാണ് കേസ് എടുത്തതെന്നും ഇതിനെതിരെ ശ്രീ. ബാബു ഫിലിപ്പ് കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയിരുന്നുവെന്നും പ്രസ്തുത സ്റ്റേ നീക്കി അന്വേഷണം നടക്കുകയാണെന്നും വിജിലൻസ് ഡയറക്ടർ മറുപടി നൽകി. 2005-06 മുതൽ 2008-09 വരെയുള്ള നാല് വർഷങ്ങളിലെ സാമ്പത്തിക ക്രമക്കേടുകളെപ്പറ്റി വ്യക്തത വരുത്താൻ വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായുള്ള ഓഡിറ്റ് നടക്കുകയാണെന്നും ഓഡിറ്റ് നടത്തുവാൻ രണ്ട് ഓഡിറ്റർമാരെ മാത്രമേ സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ളുവെന്നും ഒരു വർഷത്തെ ഓഡിറ്റ് മാത്രമാണ് പൂർത്തിയായതെന്നും ഓരോ വിനിയോഗത്തെപ്പറ്റിയും വിശദമായി പരിശോധിക്കുന്നതിന് നാല് ഓഡിറ്റർമാരുടെ സേവനം കൂടി ആവശ്യമാണെന്നും മുപ്പത്തിയെട്ട് ലക്ഷം രൂപയുടെ ക്രമക്കേടിനാണ് കേസ് എടുത്തിരിക്കുന്നതെങ്കിലും മറ്റ് വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയാകുമ്പോൾ അത് അൻപത് ലക്ഷം രൂപ വരെയാകാമെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നതെന്നും നിലവിലെ സാഹചര്യത്തിൽ ഓഡിറ്റ് നടത്തി അന്വേഷണം പൂർത്തിയാക്കുവാൻ ഒരു വർഷം കൂടി എടുക്കുമെന്നും വിജിലൻസ് ഡയറക്ടർ സമിതിയെ അറിയിച്ചു. വിജിലൻസ് അന്വേഷണം പൂർത്തിയാക്കുവാൻ എത്ര സമയം ആവശ്യമാണെന്ന സമിതിയുടെ ചോദ്യത്തിന് നാല് ഓഡിറ്റർമാരെക്കൂടി ലഭിച്ചാൽ 6-7 മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാമെന്നും അതിനായി പ്രത്യേക സംഘത്തെ നിയോഗിക്കാമെന്നും വിജിലൻസ് ഡയറക്ടർ സമിതിയിൽ മറുപടി നൽകി.

27-1-2016-ലെ സമിതിയോഗ തീരുമാനം

2.4.7 വിജിലൻസ് അന്വേഷണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം നാല് ഓഡിറ്റർമാരെക്കൂടി അടിയന്തരമായി നൽകണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോടും ആറ് മാസത്തിനകം നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് വിജിലൻസ് ഡയറക്ടറോടും സമിതി ആവശ്യപ്പെട്ടു.

തുടർ ശിപാർശ

2.4.8 **വിജിലൻസ് അന്വേഷണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം നാല് ഓഡിറ്റർമാരെക്കൂടി അടിയന്തരമായി നൽകണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോടും ആറ് മാസത്തിനകം നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് വിജിലൻസ് ഡയറക്ടറോടും സമിതി ആവശ്യപ്പെടുന്നു. വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം 3

**സർക്കാരിൽ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും.**

ഖണ്ഡിക നമ്പർ 14

ശിപാർശ

3.1.1 പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിലെ ക്വാർട്ടേഴ്സുകൾക്ക് പ്രത്യേകം മീറ്ററുകൾ സ്ഥാപിച്ച്, വൈദ്യുതി ചാർജ്ജ് താമസക്കാർ തന്നെ നേരിട്ട് പട്ടാമ്പി ഇലക്ട്രിസിറ്റി ഓഫീസിൽ അടച്ചുവരുന്ന സാഹചര്യത്തിലും ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ തൃപ്തികരമാണെന്ന ഓഡിറ്റ് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 തുടർ നടപടി ആവശ്യമില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.1.3 16-7-2015-ലെ എൽ.എഫ്. (കെ.എ.യു.) ജി1-1250/04/15 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കി.

ഖണ്ഡിക നമ്പർ 23

ശിപാർശ

3.2.1 സർവ്വകലാശാല നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ മരാമത്ത് പണികളുമായി ബന്ധപ്പെട്ട രണ്ട് ഓഡിറ്റ് പരാമർശങ്ങളും ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.2.2 തുടർ നടപടി ആവശ്യമില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.2.3 16-7-2015-ലെ എൽ.എഫ്. (കെ.എ.യു.) ജി1-1250/04/15, 27-7-2015-ലെ എൽ.എഫ്. (കെ.എ.യു.) ജി1-400/06/15 എന്നീ നമ്പർ കത്തുകൾ പ്രകാരം പരാമർശം ഒഴിവാക്കി.

ഖണ്ഡിക നമ്പർ 25

ശിപാർശ

3.3.1 സർവ്വകലാശാലയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.3.2 തുടർനടപടി ആവശ്യമില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.3.3 16-7-2015-ലെ എൽ.എഫ്. (കെ.എ.യു.) ജി1-1250/04/15 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കി.

ഖണ്ഡിക നമ്പർ 33

ശിപാർശ

3.4.1 സ്ഥാനക്കയറ്റങ്ങളിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന സർവ്വകലാശാലയുടെ വിശദീകരണം അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. യു.ജി.സി. ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തണമെങ്കിൽ ആയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർവ്വകലാശാലയോട് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 22-10-2008-ലെ നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം 1986 യു.ജി.സി. സംബന്ധമായി ബഹു. കേരള ഹൈക്കോടതി WP (c) 7132/2005-ൽ പുറപ്പെടുവിച്ച വിധിയുടെ പകർപ്പും 10-1-2005-ലെ 44379/AF2/04/AD സർക്കാർ കത്തു പ്രകാരം പുറപ്പെടുവിച്ച അദ്ധ്യാപകരുടെ യു.ജി.സി. ആനുകൂല്യങ്ങൾ സംബന്ധിച്ച് ഇറക്കിയ റെക്റ്റിഫിക്കേഷൻ ഉത്തരവുകളുടെയും (10 Nos) 19-3-2007-ലെ ജി.ഒ. (എംഎസ്.) 32/2007 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ടി അദ്ധ്യാപകരെ സംബന്ധിച്ച പുനഃക്രമീകരിച്ച ഉത്തരവുകളുടെയും പകർപ്പുകൾ 16-2-2009-ലെ ജി.എ./സി12/35809/2008 നമ്പർ കത്ത് പ്രകാരം പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ട്.

<u>ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ ഡോക്ടർ പി. ആർ. ചന്ദ്രശേഖരനെ അദ്ധ്യാപകനായി നിയമിച്ചത്</u>

നിലവിലുള്ള സ്റ്റാറ്റ്യൂട്ടനുസരിച്ച് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ തസ്തിക അനദ്ധ്യാപക തസ്തികയാണ്. ടി തസ്തികയ്ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡ്യൂട്ടീസ് അദ്ധ്യാപക തസ്തികയുമായി ബന്ധപ്പെട്ടിട്ടുള്ളതല്ല. ഡോ. പി. ആർ. ചന്ദ്രശേഖരൻ ടി തസ്തികയിൽ സേവന മനുഷ്ഠിക്കുമ്പോൾ ടിയാനെ സർവ്വകലാശാല അദ്ധ്യാപകനായി ഇൻഡക്റ്റ് ചെയ്യുകയും പിന്നീട് പ്രൊഫസർ ആയി സ്ഥാനകയറ്റം നൽകുകയുമുണ്ടായി. ബഹു. ഹൈക്കോടതിയുടെ 7-2-2008-ലെ ഒ. പി. നമ്പർ 16768/2002-ലെ വിധി പ്രകാരം ടി വ്യക്തിക്ക് ടീച്ചിംഗ് തസ്തികയ്ക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ തസ്തിക ടീച്ചിംഗ് തസ്തികയിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്ന കാര്യത്തിൽ സ്റ്റാറ്റ്യൂട്ട് ഭേദഗതി ആവശ്യമാണ് എന്ന് സർവ്വകലാശാലയ്ക്ക് തോന്നുന്ന പക്ഷം അപ്രകാരം ചെയ്യാവുന്നതാണ് എന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറുടെ , നിലവിലുള്ള സ്റ്റാറ്റ്യൂട്ട് വിഷയത്തിൽ സ്പഷ്ടമാണെന്നിരിക്കെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ആവശ്യമില്ലെന്ന് അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.4.3 സ്ഥാനക്കയറ്റങ്ങളിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന വിശദീകരണം അംഗീകരിച്ചുകൊണ്ടും യു.ജി.സി. ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സ്റ്റാറ്റ്യൂട്ട് ഭേദഗതി ആവശ്യമില്ലെന്ന് അറിയിച്ചിട്ടുള്ളതിനാലും പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 36</u>

<u>ശിപാർശ</u>

3.5.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് രജിസ്ട്രാറുടെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 തുടർ നടപടി ആവശ്യമില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.5.3 16-7-2015- ലെ എൽ.എഫ്. (കെ.എ.യു.) ജി 1-1250/04/15 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കി.

<u>ഖണ്ഡിക നമ്പർ 38</u>

<u>ശിപാർശ</u>

3.6.1 വാടകയിനത്തിൽ കുറവുവന്ന തുക തിരികെ ഈടാക്കിയിട്ടുണ്ടെന്ന രജിസ്ട്രാറുടെ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.2 തുടർ നടപടി ആവശ്യമില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.6.3 16-7-2015- ലെ എൽ.എഫ്. (കെ.എ.യു.) ജി 1-1250/04/15 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കി.

<u>ഖണ്ഡിക നമ്പർ 46</u>

<u>ശിപാർശ</u>

3.7.1 മെസ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇപ്പോൾ യൂണിവേഴ്സിറ്റിക്ക് ഉത്തരവാദിത്തമില്ലെന്നും കുട്ടികൾ തന്നെ കരാർ കൊടുത്താണ് കാര്യങ്ങൾ നടത്തുന്നതെന്നും ഉള്ള രജിസ്ട്രാറുടെ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 മേൽ നടപടി ആവശ്യമില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.7.3 എൽ.എഫ്. (കെ.എ.യു.) ജി 400/06/15 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കി.

ഖണ്ഡിക നമ്പർ 48

ശിപാർശ

3.8.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർവ്വകലാശാല നൽകിയ വിശദീകരണം ബോധ്യപ്പെട്ടതിന്റെയും ഓഡിറ്റ് വകുപ്പിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.8.2 മേൽ നടപടി ആവശ്യമില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.8.3 എൽ.എഫ്. (കെ.എ.യു.) ജി1 400/06/15 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കി.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി*

തിരുവനന്തപുരം,
2019 ഫെബ്രുവരി 7.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/തുടർശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2.1.12 | കേരള കാർഷിക സർവ്വകലാശാല | വൈദ്യുതി ഉപഭോഗം സംബന്ധിച്ച് വിദഗ്ദ്ധ അന്വേഷണം നടത്തുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനെ ഏൽപ്പിക്കുവാനും, എനർജി ഓഡിറ്റ് നടത്തുവാനും എച്ച്.ടി. കണക്ഷൻ എടുക്കുവാനുമുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.8 | കേരള കാർഷിക സർവ്വകലാശാല | സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് സർക്കാരിന് അയച്ച കത്ത് സംബന്ധമായ വ്യക്തമായ തീരുമാനം സമിതിയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു. |
| 3 | 2.3.4 | കേരള കാർഷിക സർവ്വകലാശാല, സംസ്ഥാന ഓഡിറ്റ് വകുപ്പ് | ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ പരിശോധനയിൽ ഓഫീസ് മേധാവികൾ ആവശ്യമായ രേഖകളും വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ സമിതിയുടെ മുൻ ശിപാർശ പ്രകാരം തുക തിരിച്ചുപിടിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു. |
| 4 | 2.4.8 | കേരള കാർഷിക സർവ്വകലാശാലാ വിജിലൻസ്, സംസ്ഥാന ഓഡിറ്റ് വകുപ്പ് | വിജിലൻസ് അന്വേഷണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം നാല് ഓഡിറ്റർമാരെക്കൂടി അടിയന്തരമായി നൽകണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോടും ആറ് മാസത്തിനകം നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് വിജിലൻസ് ഡയറക്ടറോടും സമിതി ആവശ്യപ്പെടുന്നു. വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.